ദ്രുതകർമ്മ ചന്ദന വനപാലക സേനയുടെ രൂപീകരണം

19 (*554) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദന മാഫിയകളുടെ ഏത് ഭീഷണികളേയും നേരിടാൻ തക്ക നിലയിലുള്ള ഒരു പ്രത്യേക ദ്രുതകർമ്മ ചന്ദന വനപാലക സേനയ്ക്ക് രൂപം കൊടുക്കുവാൻ ആലോചിക്കുമോ ;

(ബി) പ്രസ്തുത സേനയ്ക്ക് സൈനിക പരിശീലകരുടെ സേവനം ലഭ്യമാക്കുംവിധം ഒരു 'FOREST ACADEMY FOR SANDAL WOODS' ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

വാട്ടർ ചാർജ് ഈടാക്കുന്നതിന്റെ മാനദണ്ഡം

20(*555) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് വാട്ടർ അതോറിറ്റി വില ചുമത്തുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ :

(ബി) ഉപഭോഗം കുറഞ്ഞിരുന്നാലും ഓരോ മാസവും വാട്ടർ ചാർജ്ജിൽ വ്യത്യാസം വരാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഓരോ മാസത്തേയും ജല ഉപഭോഗത്തിനനുസരിച്ചുള്ള ചാർജ്ജ് മാത്രം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള വാട്ടർ അതോറിറ്റി വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് വില ചുമത്തുന്നതിന് പ്രതിമാസ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നാല് സ്ലാബുകളായി തരം തിരിച്ചാണ്. വില, സ്ലാബ് എന്നിവയെ സംബന്ധിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു :

സ്ലാബ് 1. പ്രതിമാസ ഉപഭോഗം 10 KL വരെ 20 രൂപ

സ്ലാബ് 2. 10 KL മുകളിൽ 30 KL വരെ മിനിമം ചാർജ് 20 രൂപയ്ക്ക് പുറമേ തുടർന്നുള്ള ഓരോ KL-നും 3 രൂപ

സ്ലാബ് 3. പ്രതിമാസ ഉപഭോഗം 30 KL മുതൽ 50 KL വരെ പ്രതിമാസ ചാർജ്ജ് 80 രൂപയ്ക്ക് പുറമേ 30 KL മുകളിൽ വരുന്ന ഉപഭോഗത്തിന് ഓരോ KL-നു 5 രൂപ

സ്ലാബ് 4. പ്രതിമാസ ഉപഭോഗം 50 KL മുകളിൽ മിനിമം ചാർജ്ജ് 180 രൂപയ്ക്ക് പുറമേ 50 KL മുകളിൽ വരുന്ന ഉപഭോഗത്തിന് KL-ന് 7 രൂപ 35 പൈസ നിരക്കിലും ഈടാക്കുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള റഗുലേഷൻ പ്രകാരം ഒരു ഉപഭോക്താവിന് പ്രതിമാസം അടയ്ക്കേണ്ട തുക മുൻ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തി പ്രൊവിഷനൽ ഇൻവോയ്സ് കാർഡ് നൽകാറുണ്ട്. എന്നാൽ 6 മാസത്തിലൊരിക്കൽ റീഡിംഗ് എടുത്ത് ശരാശരി ഉപഭോഗം തിട്ടപ്പെടുത്തി ക്രമീകരിച്ച് ശരാശരി ഉപഭോഗത്തെക്കാൾ കൂടുതലോ കുറവോ ആണെങ്കിൽ അതിനനുസൃതമായി വാട്ടർ ചാർജ്ജ് പുനഃനിർണ്ണയം നടത്തി ബില്ലുകൾ ഉപഭോക്താക്കൾക്ക് നൽകിവരുന്നുണ്ട്. ക്രമീകരിച്ച ബില്ലുകൾ പ്രകാരം ഉപഭോക്താവിന് പ്രതിമാസം യഥാർത്ഥ ഉപഭോഗത്തിനുള്ള വാട്ടർ ചാർജ്ജ് നൽകിയാൽ മതിയാകും. ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുള്ള ദ്വൈമാസ ബില്ലിംഗ് സമ്പ്രദായം അനുസരിച്ച് റീഡിംഗിന് അനുസൃതമായി ബില്ലുകൾ നൽകിവരുന്നുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സംവിധാനം അനുസരിച്ച് ഓരോ ഉപഭോക്താവിന്റെയും പ്രതിമാസ റീഡിംഗ് എടുക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. കാരണം ഇതിനുവേണ്ടി വരുന്ന അധിക ചെലവ്, ജീവനക്കാരുടെ എണ്ണവും അനുബന്ധ ചെലവുകളും, കണക്കിലെടുക്കുമ്പോൾ ഇതു നടപ്പിൽ വരുത്തുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly